ഖുത്ബ
30.7.2004
ജൽസാഗാഹ്
ഇസ്ലാമാബാദ്, ലണ്ടൻ.

بسم الله الرحمن الرحيم

# ഭൗതികതയോടുള്ള അത്യാസക്തി തണുപ്പിക്കുകയും റസൂൽ (സ)നോടുള്ള സ്നേഹം അതിജയിപ്പിക്കുകയും ചെയ്യുക.

ഇന്നു മുതൽ ഇൻശാഅല്ലാഹ് ഇംഗ്ലണ്ടിലെ അഹ്മദിയ്യാ ജമാഅത്തിന്റെ 38-ാമത് ജൽസ സാലാന ആരംഭിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വിളിക്കുത്തരം നല്കിക്കൊണ്ട് നിങ്ങളെല്ലാവരും മൂന്നുദിവസം അല്ലാഹുവിനുവേണ്ടി ചെലവഴിക്കാൻ ഇവിടെ സംഘടിച്ചിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹമനുസരിച്ച് ഈ ജൽസയുടെ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നവരായിത്തീരാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂൽ (സ)നോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോക യാത്രയോട് വെറുപ്പ് തോന്നാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്."

ജൽസ വിളംബരം ചെയ്തുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:

"അതുകൊണ്ട് ആത്മ സുഹൃത്തുക്കളായ എല്ലാവരും അല്ലാഹു ഇച്ഛിച്ചാൽ അവർക്ക് ആരോഗ്യവും ഒഴിവുമുണ്ടെങ്കിൽ, മറ്റു തടസ്സങ്ങളൊന്നുമില്ലെങ്കിൽ നിശ്ചിത തിയതികളിൽ പങ്കെടുക്കുംവിധം വർഷത്തിൽ മൂന്നുദിവസം ജൽസയ്ക്കായി അഥവാ സമ്മേളനത്തിനായി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു."

എന്റെ കൈയിൽ ബയ്അത്തുചെയ്തിരിക്കുന്ന നിങ്ങൾ വെറും വാക്കുകളിൽ മാത്രം ഒതുങ്ങി നില്ക്കരുതെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നിങ്ങളുടെ പരിവർത്തനത്തിനുവേണ്ടിയും നിങ്ങൾ ഇനി പരിശ്രമിക്കണം. നിങ്ങളുടെ ഉള്ളിൽ ഉണ്ടാകണമെന്നാഗ്രഹിക്കുന്ന ആ കാര്യങ്ങൾ എന്തൊക്കെയാണ്? അതാണിപ്പോൾ ഞാൻ പറയാൻ പോകുന്നത്. അത് നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുകയാണെങ്കിൽ, നിങ്ങളെന്നെ യഥാർത്ഥത്തിൽ തിരിച്ചറിഞ്ഞുവെന്നും എന്തുദ്ദേശ്യത്തോടുകൂടിയാണോ നിങ്ങൾ ബയ്അത്തു ചെയ്തത് അത് നിറവേറ്റുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നും ഞാൻ മനസ്സിലാക്കുന്നതാണ്.

എന്റെ ജമാഅത്തിൽ ചേർന്നുകഴിഞ്ഞാൽ നിങ്ങളുടെ ഉള്ളിൽനിന്ന് ലോകത്തോടുള്ള സ്നേഹം ആദ്യമായി പുറത്തുപോകേണ്ടതാണ്. ഇതു പുറത്തുകളയാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾ ചെയ്ത ബയ്അത്തിന്റെ ഉദ്ദേശ്യം പൂർത്തിയായില്ല. ഭൗതികമായ തൊഴിലുകൾ അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് നിങ്ങളെ തടയുകയും, നിങ്ങളുടെ ഉദ്യോഗങ്ങളും വ്യാപാരങ്ങളും ജോലികളും, അഭിമാനവും, ഭൗതികമായ ആദരവും പ്രശസ്തിയും സമസൃഷ്ടി സേവനത്തിന് തടസ്സമാകുകയും ചെയ്യുന്നെങ്കിൽ, എന്റെ ജമാഅത്തിൽ ചേർന്ന നിങ്ങളുടെ ഉദ്ദേശ്യം പൂർത്തിയാവുകയില്ല. അല്ലാഹുവിനോടുള്ള സ്നേഹവും സമസൃഷ്ടികളോടുള്ള കടപ്പാട് നിറവേറ്റലും ഉണ്ടാകുന്നതിനോടൊപ്പം വളരെ പ്രധാനപ്പെട്ട കാര്യമായ പരിവർത്തനവും നിങ്ങളിലുണ്ടാക്കേണ്ടതായിവരും. അത് റസൂലുല്ലാഹി (സ) യോടുള്ള സ്നേഹമാണ്. സകലവസ്തുക്കളോടുമുള്ള സ്നേഹത്തെക്കാളധികമായിരിക്കണം നബി (സ) യോടുള്ള സ്നേഹം. കാരണം ഇപ്പോൾ അല്ലാഹുവിനോളമെത്തിച്ചേരാനുള്ള എല്ലാ വഴികളും നബി (സ) യോടുള്ള സ്നേഹത്തിൽ ലയിക്കുന്നതുകൊണ്ടുമാത്രമെ ലഭിക്കുകയുള്ളൂ. നബി (സ) യെ പിൻപറ്റുന്നതുകൊണ്ടു മാത്രമെ അതു കിട്ടുകയുള്ളൂ. അവിടത്തെ കല്പനകൾക്ക് വിധേയരായി ജീവിക്കുന്നതുകൊണ്ടു മാത്രമെ അത് പ്രാപ്യമാകുകയുള്ളൂ. അവിടത്തെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടുമാത്രമെ അത് കരസ്ഥമാകുകയുള്ളൂ. അതുകൊണ്ട് ഈ സ്നേഹത്തെ നിങ്ങളുടെ മേൽ വിജയിപ്പിച്ചു നിറുത്തുക. പറഞ്ഞു: ഞാൻ സ്വയം ആ പ്രേമഭാജനത്തെ സ്നേഹിക്കുന്നവനാണ്. എന്റെ ബയ്അത്തിൽ എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ നിങ്ങൾ ഉൾപ്പെടുകയും എന്നിട്ട് എന്റെ പ്രേമഭാജനത്തെ സ്നേഹിക്കാതിരിക്കുകയും എനിക്കുള്ളതുപോലുള്ള സ്നേഹം നിങ്ങൾക്ക് എന്റെ പ്രേമഭാജനത്തോട് ഇല്ലാതിരിക്കുകയും ചെയ്യുക എന്നത് സാധ്യമല്ല. ദുനിയാവിലെ കണ്ണഞ്ചിപ്പിക്കുന്ന പ്രവർത്തനങ്ങളോട് നിങ്ങൾക്ക് ഒരു ബന്ധവും ഉണ്ടാകാൻ പാടില്ല. ഞാൻ പറഞ്ഞതായിരിക്കണം നിങ്ങളുടെ ലക്ഷ്യം. ഇത് പൂർത്തിയാക്കുന്നതിനുവേണ്ടി, അല്ലാഹുവിനോടുള്ള കടപ്പാട് നിറവേറ്റാൻ അകമഴിഞ്ഞ് പരിശ്രമിക്കേണ്ടതാണ്. അവന്റെ റസൂൽ (സ) നെ സ്നേഹിക്കുക. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടപ്പാട് നിറവേറ്റുക. അല്ലാഹുവിനോടും അവന്റെ റസൂൽ (സ)നോടുമുള്ള സ്നേഹം ഒന്നുകൊണ്ടുമാത്രമാണ് അല്ലാഹുവിന്റെ കല്പനകൾ നിറവേറ്റുന്നത് എന്ന

ബോധത്തോടെ നിങ്ങൾ അത് ചെയ്യുക. ഈ അവസ്ഥയുണ്ടാകുകയാണെങ്കിൽ, മരണശയ്യയിൽ നിരാശയോടെ മരിക്കുന്നവരെപ്പോലെ, അതായത് ജീവിതത്തിൽ എന്തെങ്കിലും പുണ്യകർമം ചെയ്തിരുന്നെങ്കിൽ എന്ന വിഷമത്തോടെയും അല്ലാഹുവിനെ മാത്രം ആരാധിച്ചിരുന്നെങ്കിൽ എന്ന വിഷാദത്തോടെയും മരിക്കുന്നവരെപ്പോലെ നിങ്ങൾ ആയിത്തീരുകയില്ല. പറയുന്നു:

ബയ്അത്തു ചെയ്തതിനുശേഷം ധാരാളമാളുകൾ തങ്ങളുടേതായ തൊഴിലുകളിൽ മാത്രം മുഴുകാൻ തുടങ്ങുന്നു. തൊഴിലുപരമായ ജീവിതത്തിൽ മുഴുകുക എന്നത് വിരോധിക്കപ്പെട്ട കാര്യമൊന്നുമല്ല; എന്നല്ല അതു ചെയ്യേണ്ടത് നിർബന്ധമായ കാര്യമാണ്. മനുഷ്യൻ തന്റെയും തന്റെ ഭാര്യാമക്കളുടേയും അനുവദനീയമായ കാര്യങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതുതന്നെയാണ്. എന്നാൽ, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് വേണം എല്ലാ കാര്യങ്ങളും ചെയ്യേണ്ടതെന്ന ബോധം എപ്പോഴും ഉണ്ടായിരിക്കണം. അല്ലാഹുവിന്റെ കല്പനകൾ മനസ്സിലാക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും വേണം. ഞാൻ പറഞ്ഞുവന്നതുപോലെ ബയ്അത്ത് ചെയ്തതിന്റെ ലക്ഷ്യവും അപ്പോഴാണ് കരസ്ഥമാക്കാൻ കഴിയുക. ഈ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി, അതിനുള്ള ട്രെനിംഗിനുവേണ്ടി വർഷത്തിൽ മൂന്നുദിവസം ജമാഅത്തംഗങ്ങൾ സംഘടിക്കുന്നു. ഒഴിച്ചുകൂടാൻ പറ്റാത്ത എന്തെങ്കിലും കാര്യം ഉണ്ടായാൽ ഒഴികെ എല്ലാ അഹ്മദികളും ഇതിൽ പങ്കെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ഇതായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹം. കാരണം ട്രെനിംഗ് ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. ഇതില്ലെങ്കിൽ ശിക്ഷണത്തിന് മങ്ങലേൽക്കാൻ തുടങ്ങുന്നു. ശിക്ഷണം കുറയാൻ തുടങ്ങുന്നു. ഭൗതിക കാര്യങ്ങളിലും ദൃഷ്ടി പായിച്ചാൽ ഇതു നമുക്ക് കാണാൻ കഴിയും. ഉയർന്ന നില കരസ്ഥമാക്കുന്നതിനുവേണ്ടി എന്തെങ്കിലും പഠനം പൂർത്തിയാക്കിയതിനുശേഷം പ്രൊഫഷണൽ കോഴ്സുകളും സെമിനാർ തുടങ്ങിയവയും എല്ലാ രംഗത്തും കാണാം. സമ്പാദിച്ച അറിവ് ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണത്. വർധിപ്പിക്കുന്നതിനുവേണ്ടിയാണത്. ട്രെനിംഗിനുവേണ്ടി തങ്ങളുടെ ജോലിക്കാരെ കമ്പനികളും മറ്റിടങ്ങളിൽ അയക്കാറുണ്ട്. രാജ്യത്തിലെ സൈന്യാധിപരും വർഷത്തിലൊരിക്കൽ യുദ്ധപ്രതീതിയുണ്ടാക്കി തങ്ങളുടെ ജവാൻമാർക്ക് പരിശീലനം നല്കാറുണ്ട്. ഈ സമ്പ്രദായം എല്ലായിടത്തും നടക്കുന്നതാണ്. അപ്പോൾ ദീനിന്റെ കാര്യത്തിലും ഇതുണ്ടാകേണ്ടതുതന്നെയാണ്. അതുകൊണ്ട് നമ്മുടെ മതപരമായ അവസ്ഥ നന്നാക്കിത്തീർക്കുന്നതിനുവേണ്ടി ജൽസയിൽ നിർബന്ധമായും പങ്കെടുക്കുക. ഇതു മുഖേന റൂഹാനിയ്യത്തും വർധിക്കും. മറ്റു വിവിധ നേട്ടങ്ങളുമുണ്ടാകും. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"സാധിക്കുന്ന എല്ലാ സഹോദരങ്ങളും അല്ലാഹുവിനുവേണ്ടി, ദൈവിക കാര്യങ്ങൾ ശ്രവിക്കാനും ദുആയിൽ ഭാഗഭാക്കാകാനും ഈ തിയ്യതികളിൽ ഇവിടെ എത്തിച്ചേരേണ്ടതാണ്. ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്ത് പകരുന്നതിന്നാവശ്യമായ തത്വോദ്ബോധനവും ആധ്യാത്മികജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കും. ഇത്തരം സ്നേഹിതർക്കുവേണ്ടി പ്രത്യേകിച്ച് ദുആ ചെയ്യുന്നതും അവരെ ശ്രദ്ധിക്കുന്നതുമാണ്. അല്ലാഹു അവരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റേതായി സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവർക്ക് നല്കുന്നതിനുംവേണ്ടി അർഹമുർറാഹിമീന്റെ തിരുസന്നിധിയിൽ പരിശ്രമനിരതനായിരിക്കും. ഓരോ വർഷവും ജമാഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും നിശ്ചിത തിയതികളിൽ ഇവിടെ സന്നിഹിതരായി തങ്ങൾക്കു മുമ്പേ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കാനും അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ബന്ധം അഭിവൃദ്ധിപ്പെടുത്താനും സാധിക്കുമെന്നത് ഈ ജൽസകൊണ്ടുള്ള ഒരു പ്രയോജനമാണ്.

ഈ കാലയളവിൽ ദുൻയാവിനോട് വിടപറഞ്ഞുപോകുന്ന നമ്മുടെ സഹോദരങ്ങളുടെ മഗ്ഫിറത്തിനുവേണ്ടി ജൽസയുടെ അവസരത്തിൽ ദുആ ചെയ്യുന്നതായിരിക്കും. എല്ലാ സഹോദരങ്ങളേയും ആത്മീയമായ നിലയിൽ ഏകോപിപ്പിക്കുന്നതിനും ശുഷ്കതയും അപരിചിതത്വവും കപടതയും അവരുടെ ഇടയിൽ നിന്ന് നിർമാർജനം ചെയ്യുന്നതിനും വേണ്ടി പരിശ്രമിക്കുന്നതുമാണ്. ഈ ആത്മീയ പരമ്പരയിൽ മറ്റു ബഹുമുഖ ഫലങ്ങളും പ്രയോജനങ്ങളും ഉണ്ടായിരിക്കും. അത് സന്ദർഭോചിതം വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും."

നിങ്ങളുടെ ട്രെനിംഗിനുവേണ്ടി, നിങ്ങളുടെ അറിവ് വർധിക്കുന്നതിനുവേണ്ടി, അറിവുള്ളവരുടെ അറിവ് പുതുക്കുന്നതിനുവേണ്ടിയുള്ള രീതിയിലാണ് ഈ ട്രെനിംഗ് കോഴ്സ് സംഘടിപ്പിച്ചിട്ടുള്ളത്. നിങ്ങളുടെ ഈശ്വരജ്ഞാനം വർധിക്കുന്നതിന് അതു കാരണമാകും. അവന്റെ റസൂൽ (സ)ന്റെയും ഗ്രന്ഥത്തിന്റെയും യുക്തിപരമായ കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് ജ്ഞാനമുണ്ടാകും. ഒരുപാട് പുതിയ പുതിയ മുക്കും മൂലയും നിങ്ങൾക്കറിയാൻ കഴിയും. കാരണം എല്ലാവർക്കും എല്ലാ കാര്യങ്ങളും അറിയാനൊക്കുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത് ഈ ദിവ്യജ്ഞാനപരമായ കാര്യങ്ങൾ അവിടന്ന് നേരിട്ട് വിവരിക്കുകയാണുണ്ടായത്. അക്കാലത്ത് അതിന്റെയൊക്കെ യാഥാർത്ഥ്യങ്ങളും അറിയാൻ കഴിഞ്ഞിരുന്നു. എന്നാൽ, ഇപ്പോഴും അവിടന്ന് നല്കിയിട്ടുള്ള നിർദ്ദേശങ്ങളിൽനിന്ന് ഫലമെടുക്കുകയും, അത് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് ആ

വ്യാഖ്യാനങ്ങൾ അനുസരിച്ച് മാശാഅല്ലാഹ് ആലിംകൾ നല്ല തയ്യാറെടുപ്പോടുകൂടി എവിടെയൊക്കെ ലോകത്ത് ജൽസ നടക്കുന്നുണ്ടോ, അവിടെയൊക്കെ പ്രസംഗിക്കുന്നു. പ്രഭാഷണങ്ങൾ നടത്തുന്നു. അതുകൊണ്ട് ഇന്നും ആ ജൽസകളുടെ പ്രാധാന്യം നാം മുന്നിൽ വയ്ക്കേണ്ടതാണ്. അതേ പ്രാധാന്യം തന്നെയാണ് ഇന്നുമുള്ളത്. പ്രസംഗങ്ങൾ നടക്കുമ്പോൾ നിശബ്ദമായിരുന്ന് അത് കേൾക്കേണ്ടതാണ്. പങ്കെടുക്കുന്നവർക്കുവേണ്ടി ദുആ ചെയ്യാൻ തൗഫീഖും ലഭിക്കുന്നുവെന്നും അവിടന്ന് പറഞ്ഞിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആകൾ ഇന്നും ജൽസയിൽ പങ്കെടുക്കുന്നവർക്ക് അനുഗ്രഹത്തിന് കാരണമാണ്.

കാരണം തന്നെ വിശ്വസിക്കുന്നവർക്കുവേണ്ടി, നന്മയിൽ നിലകൊള്ളുകയും അല്ലാഹുവിനെയും അവന്റെ റസൂൽ (സ)നെയും സ്നേഹിക്കുകയും ചെയ്യുന്നവർക്കുവേണ്ടി ഖിയാമത്തുനാൾവരേക്കും ഹസ്റത്ത് മസീഹ് മൗഊദ് (അ) ദുആ ചെയ്തിരിക്കുന്നു. ഇവിടെ വരുമ്പോൾ മറ്റുള്ളവരുടെ ദുആയിലും നാം ഭാഗഭാക്കായിത്തീരുന്നു.

ഈ ജൽസയിൽ മറ്റു നേട്ടങ്ങളുമുണ്ടാകുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ഉദാഹരണത്തിന് ഇവിടെ വരുമ്പോൾ പരസ്പരം പരിചയപ്പെടാൻ കഴിയുന്നു. അവസ്ഥകളെക്കുറിച്ചറിയാൻ കഴിയുന്നു. ഇപ്പോൾ ലോകം ഒന്നായിത്തീർന്നിരിക്കുകയാണ്. ഇടയ്ക്കുള്ള ദൂരം വളരെ കുറഞ്ഞു. പ്രതിനിധി എന്ന നിലയിൽ എല്ലായിടത്തെയും ആളുകൾ ഇവിടെ സംഘടിക്കുന്നു. ഇതു മുഖേന ഒരാൾക്ക് മറ്റൊരാളുടെ അവസ്ഥയെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു. അവർക്കുവേണ്ടി ദുആ ചെയ്യാൻ ഭാഗ്യം ലഭിക്കുന്നു.

പരസ്പരം സംഘടിക്കുകയും ഇടപഴകുകയും ചെയ്യുമ്പോൾ സ്നേഹവും ഉണ്ടാകുന്നു. പരസ്പരമുള്ള ബന്ധവും സ്നേഹവും വർധിക്കുകയും ചെയ്യുന്നു. ചിലപ്പോൾ വിവാഹബന്ധങ്ങളും ഉറയ്ക്കാറുണ്ട്. അങ്ങനെ വിവാഹപരമായ ഒരുപാട് പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നു. ജമാഅത്തിനുണ്ടാകേണ്ടതായ ശക്തിയും ഇതു മുഖേന ഉണ്ടാകുന്നു. അപരിചിതത്വം അകലുന്നു. പരസ്പരമുള്ള വെറുപ്പും വിദ്വേഷവും കുറയുന്നു. ആളുകൾ തമ്മിലുള്ള പിണക്കത്തെക്കുറിച്ച് അറിയുമ്പോൾ അവർക്കുവേണ്ടി ദുആ ചെയ്യാനുള്ള അവസരവും കൈവരുന്നു. കഴിഞ്ഞവർഷം മരിച്ചവരുടെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യുന്നതിനുള്ള സന്ദർഭവും ഉണ്ടാകുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, അല്ലാഹുവിലേക്ക് നമുക്കെത്തിച്ചേരാൻ ഉപകരിക്കുന്ന കാര്യങ്ങൾ കേൾക്കുന്നതിനുള്ള ഏർപ്പാടുണ്ടാകുന്നതാണ്. ജൽസയിൽ പങ്കെടുക്കാൻ വന്നിട്ടുള്ള ആളുകൾ മറ്റു മേളകളിൽ പങ്കെടുക്കുന്നതുപോലെയല്ല വന്നിട്ടുള്ളത്. അതുകൊണ്ട് ശ്രദ്ധിച്ച് എല്ലാ കാര്യങ്ങളും കേൾക്കേണ്ടതാണ്. ഇക്കാര്യത്തിൽ മടി കാണിക്കുകയാണെങ്കിൽ ഇവിടെ ഇരിക്കുന്നതുകൊണ്ട് ഒരു നേട്ടവും ഉണ്ടാകുകയില്ല. അതുകൊണ്ട് പണം ചെലവഴിച്ച് വിദേശങ്ങളിൽ നിന്നു വന്നിട്ടുള്ളവരും, അതുപോലെ ഇവിടെ വന്ന് താമസിക്കുന്നവരും ജൽസയിൽ പ്രസംഗങ്ങൾ നടക്കുമ്പോൾ പൂർണ്ണമായും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. സശ്രദ്ധം ജൽസ പരിപാടികൾ കേൾക്കേണ്ടതുമാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു:

"എല്ലാവരും സശ്രദ്ധം (ജൽസ പരിപാടികൾ) കേൾക്കേണ്ടതാണ്. താൽപര്യപൂർവവും ശ്രദ്ധാപൂർവവും കേൾക്കുക. കാരണം ഇത് ഈമാനിന്റെ - വിശ്വാസത്തിന്റെ പ്രശ്നമാണ്. ഇതിൽ അലസതയും മടിയും അശ്രദ്ധയും വളരെ ദുഷിച്ചഫലമുളവാക്കും.സംസാരിക്കുന്നവർ എത്ര ഉന്നത വ്യക്തികളാണെങ്കിലും അവർ പറയുന്ന കാര്യങ്ങൾ എത്ര മാത്രം ഫലവത്തും സ്വാധീനമുളവാക്കുന്നതുമാണെങ്കിലും ശ്രദ്ധിച്ചുകേൾക്കാതെ വിശ്വാസത്തിൽ അലസത കാണിക്കുന്നവർക്ക് അതൊട്ടും ഗുണം ചെയ്യുകയില്ല. അത്തരക്കാരെക്കുറിച്ചാണ് അവർക്ക് ചെവിയുണ്ട് പക്ഷെ കേൾക്കുന്നില്ല ഹൃദയമുണ്ട് പക്ഷെ ഗ്രഹിക്കുന്നില്ല എന്നുപറയുന്നത്. അതുകൊണ്ട് ഓർത്തുകൊള്ളുക. എന്താണോ പറയുന്നത് അത് സശ്രദ്ധം കേൾക്കുക. ശ്രദ്ധയോടെ കേൾക്കാത്തവൻ ഫലം പ്രദാനം ചെയ്യുന്നവന്റെ കൂടെ ദീർഘകാലം താമസിച്ചാലും അവനൊരു ഫലവും ഉണ്ടാകുകയില്ല."

നോക്കുക, ജൽസയിൽ വന്നിട്ട് സശ്രദ്ധം കാര്യങ്ങൾ കേൾക്കാത്തവരെ, എത്ര വെറുപ്പോടെയാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) കാണുന്നത്. അത്തരക്കാർ ചെവിയും ഹൃദയവുമുണ്ടായിട്ടും കേൾക്കുകയോ ചിന്തിക്കുകയോചെയ്യാത്തവരെപോലെയാണ്. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. എല്ലാ അഹ്മദികളെയും അതിൽ നിന്ന് രക്ഷിക്കുമാറാകട്ടെ.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എല്ലാ സാഹിബുമാരും സശ്രദ്ധം കേട്ടാലും. ഞാനെന്റെ ജമാഅത്തിനും എനിക്കും എന്റെ അത്മാവിനും വേണ്ടി ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും, സാധാരണ പ്രസംഗങ്ങളിൽ കാണുന്ന വാചകക്കസർത്തുകളെ ഇഷ്ടപ്പെടാതിരിക്കുക എന്നതാണ്; പ്രസംഗകന്റെ മാസ്മര വാക്കുകളും, വാക്കുകളുടെ കനവും മാത്രം ഉൾക്കൊണ്ട് എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും അതുമാത്രമാണെന്ന് നിശ്ചയിക്കാൻ പാടില്ല. (അതാണ് എല്ലാമെന്ന് കരുതരുത്) ഞാനത് ഇഷ്ടപ്പെടുന്നില്ല. കൃത്രിമമോ അഭിനയമോ ഇല്ലാത്തതിനെയാണ് ഞാനിഷ്ട

പ്പെടുന്നത്. എന്താണെങ്കിലും അല്ലാഹുവിനുവേണ്ടി ചെയ്യുകഎന്നതാണ് എന്റെ ഇംഗിതവും. മുസ്‌ലിംകൾ അധ:പതിക്കാനുള്ളകാരണവും ഈ കൃത്രിമവും അഭിനയവുമാണ്. എത്രയെത്ര കമ്മിറ്റികളും മജ്‌ലിസുകളും സംഘടനകളും അവർക്കുണ്ട്. വലിയ വലിയ പ്രസംഗകരും പ്രഭാഷകരുമുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും നിത്യേന അധ:പതനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനുകാരണം ആ മജ്‌ലിസുകളിൽ വന്നും പോയും ഇരിക്കുന്നവർ ആത്മാർത്ഥതയോടു കൂടി പങ്കെടുക്കുന്നില്ല എന്നതാണ്." ചിലപ്പോൾ പ്രസംഗത്തിനിടയിൽ ആളുകൾ വെളിയിൽ വന്നുനിൽക്കുന്നു. ചോദിച്ചാൽ ഇന്നയാളുടെ പ്രസംഗം ഒരു രസവുമില്ലെന്നും അതുകേൾക്കാൻ കഴിയില്ലെന്നും പറയും. ഇതും ഒരുതരം അഹങ്കാരമാണ്. പ്രസംഗകൻ നല്ല പ്രസംഗം നടത്തിയാലും ഇല്ലെങ്കിലും തന്റെ വാക്കുകൾകൊണ്ട് നിങ്ങളെ ഹരം പിടിപ്പിച്ചാലും ഇല്ലെങ്കിലും പ്രസംഗം കേൾക്കേണ്ടതുതന്നെയാണ്. അതിലുള്ള വൈജ്ഞാനികവും ആത്മീയവുമായ പോയിന്റുകൾ അന്വേഷിക്കുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്യുക.

വാക്കുകളും ശൈലികളും മാത്രം സ്വാധീനിക്കുന്നവർ ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. കാരണം അത് താൽക്കാലികമാണ്. മജ്‌ലിസിൽ നിന്ന് എഴുന്നേറ്റുകഴിഞ്ഞാൽ അതിന്റെ സ്വാധീനം ഇല്ലാതാകുകയും ചെയ്യും. ഇത് ഒരഹ്മദിക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ല.

"ഹൃദയം പൂർണ്ണമായും പരലോകത്തിലേക്ക് കുനിയും വിധം തുടരെ തുടരെയുള്ള കൂടികാഴ്ചകളി ലൂടെ നമ്മുടെ ജമാഅത്തിലെ ആളുകളിൽ മാറ്റമുണ്ടാക്കിതീർക്കുക എന്നതാണ് ഈ ജൽസയുടെ അടിസ്ഥാനലക്ഷ്യം; അവരിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുകയും സ്വാത്മപരിത്യാഗത്തിലും ഭയഭക്തിയിലും ദൈവഭയത്തിലും ദോഷങ്ങളിൽ നിന്ന് അകന്നുനിൽക്കുന്നതിലും ദയാവായ്പിലും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് മാതൃകയുണ്ടാകണം. വിനയവും വിനീതവുമായ പെരുമാറ്റവും വിശ്വസ്തയും ദീനീപരമായ കാര്യങ്ങൾക്ക്വേണ്ടി ഉത്സാഹവും അവരിൽ ഉണ്ടായിത്തീരണം."

വീണ്ടും പറയുന്നു: "ലോകത്തുകാണുന്ന മേളകളെപോലെ അനാവശ്യമായി സംഘടിപ്പിക്കുന്ന ജൽസയല്ല ഇത്. പ്രത്യുത പ്രബലമായ നിയ്യത്തിലും സൽഫലപ്രാപ്തിയിലുമാണ് അത് നിലകൊള്ളുന്നത്. ഇതു കൂടാതെയുള്ളതെല്ലാം നിഷ്ഫലമാണ്."

അതായത് അതിന്റെ യഥാർത്ഥ ഉദ്ദേശ്യം ആത്മീയത വർധിപ്പിക്കുകഎന്നതാണ്, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക എന്നതാണ്. റസൂലിനോടുള്ള സ്നേഹം ആർജിക്കുക എന്നതാണ്. ഇതില്ലെങ്കിൽ ഇതിന് മറ്റൊരുഫലവുമില്ല.

ഈ ജൽസയിൽ നിന്ന് ദീനീപരമായ നേട്ടം ഇന്നതാണെന്നും, ജനങ്ങളുടെ നടത്തത്തിലും സ്വഭാവത്തിലും അതിന്റെ സ്വാധീനം ഇന്നതാണെന്നും മനസ്സിലാകാത്തിടത്തോളം, അനുഭവത്തിലൂടെ സാക്ഷിപറയാത്തിടത്തോളം ആ ജൽസ നിരർത്ഥകമാണെന്നുമാത്രമല്ല പ്രത്യുത ആ അറിവിനുശേഷം ആ സമ്മേളനത്തിൽനിന്ന് സൽഫലം ഉണ്ടാകുകയുമില്ല. ഒരു പാപകൃത്യവും വഴികേടിന്റെ രീതിയും ദുഷിച്ച അനാചാരവുമാണ് ഇത്. വർത്തമാനകാലത്തെ ചില പീർമാരെപ്പോലെ വെറും ബാഹ്യമായ സൗന്ദര്യം കാണിക്കുന്നതിനുവേണ്ടി എന്നിൽ ബൈഅത്ത് ചെയ്തിരിക്കുന്നവരെ ഒരിമിച്ചുകൂട്ടാൻ ഞാനൊരിക്കലും ആഗ്രഹിക്കുന്നില്ല. (അതായത് എത്രപേർ പങ്കെടുത്തിട്ടുണ്ടെന്ന് ജനങ്ങൾ കാണുന്നതിനുവേണ്ടിയല്ല ഇതു സംഘടിപ്പിച്ചിരിക്കുന്നത്) ഞാനിതു സംഘടിപ്പിച്ചിട്ടു ള്ളതിന്റെ യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികളുടെ പരിഷ്ക്കരണമാണ്. അതായത് ജനങ്ങളുടെ പരിഷ്ക്കരണത്തിനുവേണ്ടി യാണ് ഞാനിതു തുടങ്ങിയിട്ടുള്ളത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "തന്റെ സുഖത്തെക്കാൾ തന്റെ സഹോദരന്റെ സുഖത്തിന് കഴിയുന്നിടത്തോളം മുൻതൂക്കം കൊടുക്കാത്തിടത്തോളംകാലം ഈമാൻ ശരിയായ നില പ്രാപിക്കുകയില്ലെന്ന് ഞാൻ സത്യം സത്യമായും പറയുന്നു. ക്ഷീണവും രോഗവുമുള്ള എന്റെ ഒരുസഹോദരൻ ആരോഗ്യവാനായ എന്റെ മുമ്പിൽ തറയിൽ കിടന്നുറങ്ങുമ്പോൾ ഞാൻ കട്ടിലിൽ കിടക്കുകയാണെങ്കിൽ എന്റെ കാര്യം കഷ്ടമാണ്. ഞാനെഴുന്നേൽക്കാതിരിക്കുകയും സ്നേഹത്തോടു കൂടി എന്റെ കട്ടിൽ അവന് കൊടുക്കാതിരിക്കുകയും തറയിൽ കിടന്നുറങ്ങുന്നത് ഞാനിഷ്ടപ്പെടാതിരിക്കുകയും ചെയ്താൽ എന്റെ കാര്യം കഷ്ടമാണ്. എന്റെ സഹോദരൻ രോഗിയും വേദനകൊണ്ട് പുളയുകയും ചെയ്യുമ്പോൾ ഞാൻ സമാധാന ത്തോടുകൂടി ഉറങ്ങുകയും കഴിയുന്നത്ര അവനുവേണ്ടി ആശ്വാസം നൽകാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ എന്റെ കാര്യം കഷ്ടമാണ്.

എന്റെ ഏതെങ്കിലും ദീനീസഹോദരൻ തന്റെ ശരീരേച്ഛയ്ക്കുവിധേയനായി എന്നോടുഎന്തെങ്കിലും കയർ ത്തുസംസാരിക്കുകയും ഞാനും അവനോട് അതേരീതിയിൽ പ്രതികരിക്കുകയും ചെയ്താൽ എന്റെ കാര്യം കഷ്ടമാണ്. ഞാൻ അവന്റെ പ്രവൃത്തിയിൽ ക്ഷമിക്കേണ്ടവനാണ്. എന്റെ നമസ്ക്കാരത്തിൽ കരഞ്ഞുകരഞ്ഞു അവനുവേണ്ടി ദുആചെയ്യേണ്ടതാണ് കാരണം അവൻ എന്റെ സഹോദരനാണ്. ആത്മീയനിലയിൽ രോഗിയാണ്.

എന്റെ സഹോദരൻ സാധാരണക്കാരനും അറിവ് കുറഞ്ഞവനും, അറിവില്ലാത്തതുകൊണ്ട് എന്തെങ്കിലും കുറ്റം വന്നുപോയവനുമാണെങ്കിൽ,

ഞാൻ അവനെ പരിഹസിക്കുകയും നെറ്റിചുളിച്ചു കൊണ്ട് വെറുപ്പ് പ്രകടിപ്പിക്കുകയും ദുഷ്ടലാക്കോടെ അവന്റെ ന്യൂനത വെളിപ്പെടുത്തുകയും ചെയ്താൽ അതെല്ലാം എന്റെ നാശത്തിനുള്ള വഴിയാണ്.

ഹൃദയം അലിവുള്ളതാകുകയും താൻ മറ്റുള്ളവരേക്കാൾ നിന്ദിതനാണെന്ന് സ്വയം മനസ്സിലാക്കുകയും അഹങ്കാരമെല്ലാം അകറ്റുകയും ചെയ്യുന്നതുവരെ ആരും യഥാർത്ഥ സത്യവിശ്വാസിയാകുകയില്ല. ജനതയുടെ സേവകനാകുക എന്നത് യജമാനൻ ആയിത്തീരുന്ന തിനുള്ള അടയാളമാണ്. പാവപ്പെട്ടവരോട് വിനയത്തോടെ സംസാരിക്കുന്നത് ദൈവീകസന്നിധി യിൽ സ്വീകര്യനായിത്തീരാൻ പോകുന്നു എന്നതിന്റെ ലക്ഷണമാണ്. തിന്മയ്ക്ക് നന്മകൊണ്ട് മറുപടി നൽകുന്നത് സൗഭാഗ്യത്തിന്റെ അടയാളമാണ്. ദേഷ്യം കടിച്ചിറക്കുന്നതും കയ്പുള്ള കാര്യങ്ങൾ കുടിച്ചിറക്കുകയും ചെയ്യുന്നത് ഉന്നത നിലയിലുള്ള വീരത്വമാണ്."

ഇവിടെ ഹസ്റത്ത് മസീഹ്മൗഊദ് (അ) അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടപ്പാടിനെക്കുറിച്ചാണ് പറയുന്നത്. ജൽസയിൽ പങ്കെടുത്തുകൊണ്ട് ജൽസയിലെ പ്രസംഗങ്ങൾ കേട്ടിട്ടും ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ ജൽസയിൽ വരുക നിരർത്ഥമാണ്. ജൽസയിൽ വരികയും, താൽക്കാലികമായ ഉത്സാഹം കാണിക്കുകയും ജൽസകഴിഞ്ഞുടനെ എല്ലാനിയന്ത്രണവും വിടുകയും മറ്റുള്ളവർ പറയുന്നത് കേൾക്കാൻ പോലും ക്ഷമകാണിക്കാതിരിക്കുകയും ചെയ്യുക, ഇതുകൊണ്ടെന്തുഫലം? ഇങ്ങനെയാണെങ്കിൽ ജൽസയിൽ പങ്കെടുക്കാതിരിക്കുന്നതാണ് നല്ലത്. പലസംഭവങ്ങളും ഇവിടെ ഉണ്ടാകാറുണ്ട്. അവരിൽ ഒരുനിയന്ത്രണവും ഉണ്ടാകില്ല. ശരിയായ നിലയിൽ ജൽസാപരിപാടികൾ കേൾക്കുകയോ മറ്റുള്ളവരെ കേൾക്കാൻ വിടുകയോ ചെയ്യുകയില്ല. നിസ്സാരകാര്യങ്ങളിൽ വഴക്കും വക്കാണവും തുടങ്ങുന്നു. അത്തരക്കാർ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ചെവിയുണ്ട് കേൾക്കുന്നില്ല, ഹൃദയമുണ്ട് മനസ്സിലാക്കുന്നില്ല എന്നിവരിൽപ്പെട്ടവരാണ്. ഇതാരാണെന്ന് അല്പം ചിന്തിച്ചുനോക്കുക. പ്രവാചകന്മാരെ നിഷേധിക്കുന്നവരുടെ അടയാളമായിട്ടാണ് അല്ലാഹു ഇതുപറഞ്ഞിട്ടുള്ളത്. ഇത്തരം മാർഗ്ഗം സ്വീകരിക്കുകയാണെങ്കിൽ ജമാഅത്ത് നടപടി സ്വീകരിക്കുന്നതാണ്. പിന്നീട് പ്രവർത്തകർ ഞങ്ങളോട് അപമര്യാദയോടുകൂടി പെരുമാറിയെന്നും 'ഇതു പറഞ്ഞു അതുപറഞ്ഞു' വെന്നും പറഞ്ഞ് പരാതിപ്പെടുന്നു. നേരിട്ട് അത്തരക്കാരോട് ഒന്നും പറയരുതെന്ന് ഞാൻ പ്രവർത്തകരോട് പറഞ്ഞിട്ടുണ്ട്. അത്തരക്കാർ ജമാഅത്ത് വ്യവസ്ഥിതിയ്ക്ക് ഒരുവിലയും നൽകാത്തവരാണെന്ന് അവരുടെ പ്രവർത്തികൊണ്ട് തെളിയിക്കുന്നവരാണ്. ജൽസയുടെ പരിശുദ്ധിയും അവർക്ക് ബാധകമല്ല. പിന്നീട് അവർക്ക് ഒരേയൊരു ചികിത്സയേയുള്ളു. ആ അഹങ്കാരം കാരണത്താൽ അവരെ പോലീസിൽ ഏൽപ്പിക്കുക. കഴിഞ്ഞ വർഷവും അത്തരം ഒന്നുരണ്ടു സംഭവങ്ങളുണ്ടായി. ആ നിയ്യത്തോടു കൂടി ഈ വർഷവും ആരെങ്കിലും വന്നിട്ടുണ്ടെങ്കിൽ, ഹസ്റത്ത് മസീഹ്മൗഊദ് (അ) നോട് സ്നേഹവും സാഹോദര്യവും പുലർത്തുന്നതിനുപകരം കുഴപ്പമുണ്ടാക്കാനാണെങ്കിൽ ജൽസയിൽ വരാതിരിക്കുന്നതാണ് നല്ലത്. അങ്ങനെ ആരെങ്കിലും വന്നിട്ടുണ്ടെങ്കിൽ അവർ മടങ്ങിപോകുന്നതാണ് നല്ലത്; നിസാമെ ജമാഅത്ത് എടുക്കുന്ന ആക്ഷനെ സംബന്ധിച്ച് പിന്നീട് പരാതി ഉണ്ടാകാതിരിക്കാൻ അതാണുത്തമം.

കഴി ഞ്ഞ ഖുത്ബയിൽ ഉദ്യോഗസ്ഥന്മാരോടും ലണ്ടനിലും ഇസ്ലാമാബാദിന്റെ ചുറ്റുപാടും താമസിക്കുന്നവരോടും അതിഥിസൽക്കാരത്തിന്റെ കടമ നിറവേറ്റാൻ പറഞ്ഞിരുന്നു. വരുന്ന അതിഥികളും ഇതു ശ്രദ്ധിക്കേണ്ടതാണ്. അവർ ഡ്യൂട്ടിയിലുള്ള പ്രവർത്തകരെ വിഷമത്തിലാക്കരുത്. നിസാമിനോട് പൂർണ്ണമായും സഹകരിക്കുക. അതുകൊണ്ട് കഠിനാധ്വാനത്തോടെ പ്രവർത്തനം ചെയ്യുന്ന പ്രവർത്തകർ അവരുടെ ഡ്യൂട്ടിനിർവഹിച്ചുകൊണ്ടിരിക്കും. അവിടെ അതിഥികൾ തങ്ങളുടെ കടമയും നിറവേറ്റേണ്ടതാണ്. ഏതുദ്ദേശ്യത്തോടു കൂടിയാണുവന്നിട്ടുള്ളത് അതു പൂർത്തിയാക്കാൻ ശ്രമിക്കുക. നമ്മളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കാനാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ആഗ്രഹിക്കുന്നത്. അത് നമ്മളിൽ നടപ്പിൽ വരുത്തുക.

അവിടന്ന് പറയുന്നു: നന്മചെയ്യേണ്ടത് അല്ലാഹു സന്തോഷിക്കുന്നതിനു വേണ്ടിമാത്രമായിരിക്കണം. അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കണം. അവന്റെ കല്പനകൾ നടപ്പിൽ വരുത്താനായിരിക്കണം. അതിനു പ്രതിഫലമുണ്ടാകട്ടെ, ഉണ്ടാവാതിരിക്കട്ടെ. ദുർബോധനവും സന്ദേഹവും ഇടയിൽ നിന്ന് നീങ്ങുമ്പോഴാണ് ഈമാൻ പൂർണ്ണമാകുന്നത്. അല്ലാഹു ആരുടേയും നന്മ നഷ്ടപ്പെടുത്തുകയില്ലെന്നത് സത്യം തന്നെയാണ്. *ഇന്നല്ലാഹ ലാ യുളീഹു അജ്റൽ മുഹ്സിനീൻ* (തീർച്ചയായും അല്ലാഹു സുകൃതം ചെയ്യുന്നവരുടെ പ്രതിഫലം പാഴാക്കു കയില്ല. 9:120) നന്മചെയ്യുന്നവർ ഒരിക്കലും പ്രതിഫലം മുന്നിൽ കാണാതിരിക്കേണ്ടതാണ്. ഇവിടെ സുഖസൗകര്യങ്ങൾ ലഭിക്കും തണുത്ത ശർബ്ബത്തുകിട്ടും നല്ലഭക്ഷണം കിട്ടും എന്ന ഉദ്ദേശ്യത്തോടെയാണ് ഇവിടെ വരുന്നതെങ്കിൽ അതിന്റെ അർത്ഥം അവർ അതിനുവേണ്ടിമാത്രം വരുന്നുവെന്നാണ്. വാസ്തവത്തിൽ ആതിഥേയനാണ് കഴിവിനനുസരിച്ച് ഒരു കുറവും വരാതെ ഇളവുചെയ്തുകൊടുക്കേണ്ടത്; അവർക്ക് സുഖസൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതും ആതിഥേ

യൻതന്നെ. അവർ അതുചെയ്യുന്നുമുണ്ട്. എന്നാൽ അതിഥി സ്വയം അങ്ങനെയൊക്കെ തീരുമാനിക്കുന്നത് അയാൾക്ക് നഷ്ടമുണ്ടാകാൻ കാരണമാകും. അതുകൊണ്ട് വരുന്ന അതിഥികൾ സദുദ്ദേശ്യത്തോടുകൂടി വരിക. കിട്ടുന്ന സൗകര്യത്തിൽ ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക. ആ സൗകര്യം ചെയ്തതിന് അല്ലാഹുവിന് ശുക്ർ ചെയ്യുക. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ അല്ലാഹു നന്മകളൊന്നും പ്രതിഫലമില്ലാതെ പാഴാക്കുകയില്ല. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഇതൊരു ദുആയാണ്. അതിഥികൾ ഇതു ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ഹസ്റത്ത് ഖൗല ബി ൻത് ഹക്കീം (റ) യിൽ നിന്ന് നിവേദനം. റസൂൽ (സ) പറയുന്നത് ഞാൻ കേട്ടു: "വല്ലവനും ഒരിടത്തിറങ്ങി. എന്നിട്ടവൻ പറഞ്ഞു: *അഊദു ബികലിമാത്തില്ലാഹിത്താമ്മാത്തി മിൻ ശർറി മാ ഖലഖ്.* അല്ലാഹുവിന്റെ പരിപൂർണ്ണമായ വാക്യങ്ങളുടെ പേരിൽ അവന്റെ സൃഷ്ടികളുടെ ഉപദ്രവത്തെത്തൊട്ട് ഞാൻ കാവലപേക്ഷിക്കുന്നു, എങ്കിൽ തൽസ്ഥാനത്തുനിന്ന് അവൻ യാത്രതിരിക്കുന്നതുവരെ ഒന്നും അവനെ ശല്യപ്പെടുത്തുകയില്ല;" ഈ ദുആ എപ്പോഴും ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കാൻ വരുന്ന എല്ലാവരേയും അല്ലാഹു എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. നല്ലതും കൊണ്ട് ഇവിടെ നിന്നും മടങ്ങിപോകുന്നവരാക്കുമാറാകട്ടെ. അതുപോലെ തിന്മ ഉപേക്ഷിച്ചുപോകുന്നവരാക്കുമാറാകട്ടെ.

പരസ്പരം സ്നേഹവും സാഹോദര്യവും ഉണ്ടാക്കുക എന്ന ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉദ്ദേശ്യം ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ എപ്പോഴും ഓർമ്മിക്കേണ്ടതാണ്. നബി (സ) ന്റെ അധ്യാപനവും ഈ നിവേദനത്തിലൂടെ പ്രകടമാകുന്നുണ്ട്.

ഹസ്റത്ത് അബ്ദുല്ലാഹ്ബിൻ അംറ് (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ ഒരാൾ നബി (സ) യോട് ചോദിച്ചു: ഇസ്ലാമിൽ ഏറ്റവും പുണ്യകരമായത് ഏതാണ്? അവിടന്ന് പറഞ്ഞു: ആഹാരം നൽകലും പരിചിതർക്കും അപരിചിതർക്കും സലാം പറയലുമാകുന്നു അത്.

ഇങ്ങനെ സലാം പറയുമ്പോൾ പരസ്പരം സ്നേഹം വർധിക്കുന്നതാണ്. ഈ ജൽസയിൽ നിങ്ങൾ പരസ്പരം സലാം പറയുമ്പോൾ നാലുഭാഗത്തും 'സലാം സലാം' എന്നശബ്ദം മുഖരിതമാകും. അങ്ങനെ നിങ്ങളുടെ ഈ ജൽസ സ്നേഹത്തിന്റെ ദൂതകരുടെ ജൽസയായിത്തീരുന്നതാണ്. കാരണം അല്ലാഹുവിലേക്കുമാത്രമായി രിക്കും അത്തരക്കാർ വരുന്നത്. അല്ലാഹുവിന്റെ സ്നേഹവും ലഭിക്കും. അതുകൊണ്ട് ഈ ദിനങ്ങളിൽ പ്രത്യേകമായിട്ട് സ്ത്രീകളും കുട്ടികളും പുരുഷന്മാരും അധികമധികമായി സലാം പരത്തുക. ഇതു മുഖേന പരസ്പര സ്നേഹം വർധിക്കും. ഇസ്ലാമിന്റെ ശരിയായ മാതൃകയുടെ പ്രദർശനമായിരിക്കുമത്. അത് മറ്റുള്ളവർക്കും കാണാൻ കഴിയും.

ഇനി ഈ ജൽസയുമായി ബന്ധപ്പെട്ട മറ്റുചില കാര്യങ്ങളാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. അതിഥികൾക്കും ആതിഥേയർക്കും ഡ്യൂട്ടി ചെയ്യുന്നവർക്കും മറ്റുള്ളവർക്കുമെല്ലാം വേണ്ടിയാണിത്.

പള്ളികളിലും പള്ളി പരിസരങ്ങളിലും അതിന്റെ മര്യാദകളും പരിശു ദ്ധിയും പാലിക്കുക എന്നതാണ് അതിൽ ഒന്നാമത്തേത്. ഇവിടെന്ന് ഫള്ല് മസ്ജിദിൽ പോകുമ്പോൾ അവിടേയും തിരക്കുണ്ടാകും. ജൽസയ്ക്കുവേണ്ടി നിർമ്മിച്ചിരിക്കുന്ന ഈ പന്തലും പള്ളിയ്ക്കുപകരമായിട്ടുള്ളതാണ്. എന്നല്ല ജൽസാഗാഹ് മുഴുവനും ഹസ്റത്ത് മസീഹ്മൗഊദ് (അ)ന്റെ നിർദ്ദേശമനുസരിച്ചുള്ള പരിശു ദ്ധമായ കാഴ്ച കാണേണ്ടതാണ്. ഇവിടെ അല്ലാഹുവിന്റെയും അവന്റെ റസൂൽ (സ)ന്റെയും വർ ത്തമാനങ്ങളാണുണ്ടാകേണ്ടത്. പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിനെക്കുറിച്ചാണ് സംസാരമുണ്ടാകേണ്ടത്. ജൽസാദിനങ്ങളിൽ ദിക്റെ ഇലാഹിയിൽ മുഴുകുകയും സ്വലാത്തുചൊല്ലുകയും ചെയ്യേണ്ടതാണ്. കൃത്യമായും ശ്രദ്ധയോടുകൂടിയും ജമാഅത്തോടുകൂടി നമസ്കരിക്കേണ്ടതാണ്. നമസ്കാരസമയങ്ങളിലും ജൽസാ പരിപാടികൾ നടക്കുമ്പോഴും കുട്ടികളുടെ ഒച്ചയും ബഹളവും ഉണ്ടാകാൻ പാടില്ല. ഇതിനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്. ഡ്യൂട്ടിയിലുള്ളവരും ഉമ്മയും ബാപ്പയും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഡ്യൂട്ടിയിലുള്ളവരോട് സഹകരിക്കുകയും വേണം. കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അവരെ കൊണ്ടിരുത്തുക. ജൽസ കേൾക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനാണിത്.

അനഹ്മദികളുടെ പ്രസംഗം ജൽസയിൽ കേൾക്കുമ്പോൾ അതിലെന്തെങ്കിലും നിങ്ങൾക്കിഷ്ടപ്പെട്ടാൽ, നിങ്ങൾക്ക് ആശംസകൾ നേരണമെങ്കിൽ കൈയടിക്കുന്നതിനുപകരം നമ്മുടെ പതിവനുസരിച്ച് നഅ്ര വിളിക്കുകയും മാശാഅല്ലാഹ് തുടങ്ങിയവ പറയുകയും ചെയ്യുക. കാരണം കൈയടിക്കുക എന്നത് നമ്മുടെ രീതിയല്ല. നമുക്ക് നമ്മുടേതായ ചില രീതികളുണ്ട്. അത് ശ്രദ്ധിക്കേണ്ടതാണ്. ഇവിടേയും, ലോകത്ത് എവിടെയെല്ലാം ജൽസ നടക്കുന്നുവോ അവിടങ്ങളിലും ഈ രീതികൾ ശ്രദ്ധിക്കേണ്ടതാണ്. നഅ്ര വിളിക്കുമ്പോൾ ഓരോരുത്തരും അവരുടെ ഇഷ്ടത്തിനനുസരിച്ച് വിളിക്കാതിരിക്കേണ്ടതാണ്. സംഘാടകർ ചിലരെ അത് ഏൽപ്പിച്ചിട്ടുണ്ട് ആവശ്യമുള്ളപ്പോൾ അവർ നഅ്ര വിളിക്കുന്നതായിരിക്കും. നഅ്ര വിളിക്കുന്നില്ലെങ്കിൽ ചിലർക്ക് ജൽസാ പരിപാടികൾ കേൾക്കുമ്പോൾ ഉറക്കം വരാറുണ്ട്. അത്തരക്കാർക്ക് നഅ്ര ആവശ്യമായി വരുന്നു. എന്നാൽ ഉചിതമല്ലാത്ത സ്ഥലങ്ങളിൽ നഅ്ര വിളിച്ചാൽ പദ്യങ്ങൾ ആസ്വദിക്കുമ്പോഴും

പ്രസംഗംകേൾക്കുമ്പോഴും അത് അരോചകമായിത്തീരുന്നതാണ്. അങ്ങനെ ഉറങ്ങുന്നവരെ അടുത്തിരിക്കുന്നവർ സ്പർശനത്തിലൂടെ ഉണർത്തുക.

ഇംഗ്ലണ്ടിലെ അഹ്മദികൾ അധികവും ഇവിടെ എത്തിക്കഴിഞ്ഞിട്ടുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ആഗ്രഹിക്കുന്നത് എല്ലാവരും ഇതിൽ പങ്കെടുക്കുക എന്നതാണ്. അതുകൊണ്ട് ഉത്സാഹത്തോടും ആവേശത്തോടും കൂടി ഇതിൽ പങ്കെടുക്കേണ്ടതാണ്. ഇതുവരെ എത്തിയിട്ടില്ലാത്തവരും നാളെ പരിപാടികൾ തുടങ്ങുന്നതിനുമുമ്പേ ഇവിടെ എത്തിച്ചേരാൻ ശ്രമിക്കുക. അനുവദനീയമല്ലാത്ത കാരണത്താൽ ജൽസയിൽ പങ്കെടുക്കാതിരിക്കാൻ പാടില്ല. ചിലയാളുകൾ രണ്ടുദിവസത്തേക്കോ അവസാന ദിവസമോ ജൽസയിൽ പങ്കെടുക്കാൻ വരുന്നതായി ചിലപ്പോൾ കാണാറുണ്ട്. അവർക്ക് പ്രത്യേകിച്ച് കാരണമൊന്നുമുണ്ടാകുകയില്ല. കാരണം ശനിയും ഞായറും പൊതുവേ അവധിയായിരിക്കും. അവസാനദിവസം പോയി കുറെയാളുകളെ കാണാം എന്നതായിരിക്കും ഉദ്ദേശ്യം. അതുശരിതന്നെയാണ്. ഒരുദ്ദേശ്യം നിങ്ങൾ പൂർത്തിയാക്കി. എന്നാൽ ഇതുമാത്രമല്ല ജൽസയുടെ ഉദ്ദേശ്യം. അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ റസൂൽ (സ)നോടുള്ള സ്നേഹവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യം.

പരിപാടികൾ കഴിവിന്റെ പരമാവധി ശ്രദ്ധയോടെ കേൾക്കണമെന്ന് ഞാൻ പറഞ്ഞതാണ്. ഡ്യട്ടിയിലുള്ളവർക്ക് ആസമയത്ത് ഡ്യൂട്ടിയില്ലെങ്കിൽ പ്രസംഗം കേൾക്കേണ്ടതാണ്. ഈ ദിനങ്ങളിൽ കൃത്യമായി നമസ്കരിക്കുന്നതിലേക്കും പ്രത്യേകം ശ്രദ്ധിക്കണം. ലങ്കർഖാന തുടങ്ങിയ സ്ഥലങ്ങളിലും ഡ്യൂട്ടിയിലുള്ളവർക്ക് നമസ്കരിക്കാൻ ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്. അവരുടെ ഓഫീസർമാരുടെ ഉത്തരവാദിത്വമാണിത്.

നമസ്കാരം തുടങ്ങുന്നതിനുമുമ്പേ പന്തലിനുള്ളിൽ കടന്നിരിക്കേണ്ടതാണ്. കാരണം ഈ തറ തടികൊണ്ടാണ് ഒരുക്കിയി ട്ടുള്ളത്. അതിനുമുകളിൽ നേർത്ത പരവതാനി വിരിച്ചിരിക്കുകയാണ്. നടക്കുമ്പോൾ ശബ്ദമുണ്ടാകും. നമസ്കാരം തുടങ്ങിയതിനുശേഷം ഈ കാലടി ശബ്ദം ഉണ്ടാക്കിയാൽ അത് നമസ്കാരത്തെ ബാധിക്കും. മറ്റുള്ളവരിലേക്ക് നമസ്കാരത്തിന്റെ ശബ്ദം എത്തുകയില്ല. ഇന്നലെ മഗ്രിബിന്റെ നേരത്തും ഈ കോലാഹലമുണ്ടായിരുന്നു. അത് രണ്ടാമത്തെ റക്അത്തുവരെ നീണ്ടുനിന്നു. അതുകൊണ്ട് നമസ്കാരത്തിനായി മുമ്പേവന്നിരിക്കുക.

ചിലർക്ക് മൊബൈൽ ഫോൺ വളരെ അത്യാവശ്യമായി ട്ടുണ്ടാകും. ഇപ്പോഴും ആരുടേയോ മൊബൈൽ ഫോൺ ശബ്ദിക്കുന്നുണ്ടെന്നു തോന്നുന്നു. വളരെ പ്രധാനപ്പെട്ട ഫോൺകോൾ വരാനുണ്ടെങ്കിൽ അവർ മാത്രം ഫോൺ വയ്ക്കുക. ഫോണിന്റെ ശബ്ദം കുറയ്ക്കണം. വൈബ്രേഷനിലൂടെ ഫോൺ വന്നിട്ടുണ്ടെന്ന് മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. എന്നിട്ട് വെളിയിൽ പോയി പറയുന്നത് കേൾക്കുക. നമസ്കാര സമയത്തും ജൽസയുടെ സമയത്തും പ്രസംഗങ്ങൾ നടക്കുമ്പോഴും ജനങ്ങളെ ബുദ്ധിമുട്ടിക്കരുത്.

ജൽസ നടക്കുമ്പോൾ കടകൾ അടച്ചിടേണ്ടതാണ്. അതിഥികളും ഇതുകേട്ടുകൊള്ളുക. ഇവിടെ താമസിക്കുന്നവരും ഇത് കേട്ടുകൊള്ളുക. ഡ്യൂട്ടിചെയ്യുന്നവരും ഇതുകേട്ടുകൊള്ളുക. അത്യാവശ്യ സാധനങ്ങൾ വില്ക്കുന്ന കട തുറക്കാമെന്ന് മുമ്പേ പറയാറുണ്ടായിരുന്നു. സംഘാടകർ ഇതു പരിശോധിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഇന്നലെ ബാസാറിൽ ഞാൻ ഒരു പരിശോധന നടത്തുകയുണ്ടായി അതിനുശേഷം ഞാനെടുത്ത തീരുമാനം ഒരുകടയും തുറക്കേണ്ടആവശ്യമില്ലെന്നാണ്. ജൽസ നടക്കുമ്പോൾ എല്ലാകടകളും അടച്ചിടുന്നതായിരിക്കും. കച്ചവടക്കാരെല്ലാവരും ജൽസാപരിപാടികൾ കേൾക്കുക. സാധനം വാങ്ങാൻ ആരും അവിടെ പോകുകയില്ല. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ സംഘാടകർ അത് സംഘടിപ്പിച്ചുതരുന്നതാണ്. അതുകൊണ്ട് ഒരു കടയും തുറക്കേണ്ട ആവശ്യമില്ല.

അനാവശ്യ സംസാരങ്ങൾ ഒഴിവാക്കുക എന്നതാണ് മറ്റൊരുകാര്യം. പരസ്പര സംസാരത്തിൽ മിതത്വവും മര്യാദയും പാലിക്കുക. കടുപ്പമേറിയതും കയ്പേറിയതുമായ സംസാരത്തിൽ നിന്ന് വി ട്ടുനിൽക്കേ ണ്ടതാണ്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം ഇങ്ങനെയേ ഉണ്ടാകുകയുള്ളു. സംസാരത്തിൽ മറ്റുള്ളവരുടെ വികാരത്തേയും മാനിക്കണം. ചിലപ്പോൾ നിസ്സാരകാര്യത്തിന് ചെറുപ്പക്കാരുടെയിടയിൽ 'നീ നീ ഞാൻ ഞാൻ' എന്ന സംസാരം ഉണ്ടാകാൻ തുടങ്ങുന്നു. ഇതിൽ നിന്ന് തികച്ചും വി ട്ടുനിൽക്കേണ്ടതാണ്. കൂടിയിരുന്നുകൊണ്ട് ചിലപ്പോൾ ഇങ്ങനെ സംസാരിക്കുകയും അട്ടഹസിക്കുകയും ചെയ്യാറുള്ളതും നല്ലശീലമല്ല. വിദേശത്തുള്ള ഒരുപാടാളുകൾ ഇവിടെ എത്തിച്ചേർന്നിട്ടുണ്ട്. വിവിധ ഭാഷക്കാരാണവർ. നിങ്ങൾ സംസാരിക്കുന്ന ഭാഷ അവർ അറിഞ്ഞുകൊള്ളണമെന്നില്ല. അടുത്തുകൂടെ നടന്നു പോകുന്നവർ, തന്നെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് ധരിച്ചുപോകാനിടയുണ്ട്. തന്നെ പരിഹസിക്കുകയാണെന്ന് കരുതാനിടയുണ്ട്. അന്തരീക്ഷം നന്നാക്കി നിലനിറുത്താൻ ഇക്കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

ഇസ്‌ലാമാബാദിലേക്ക് വരുന്ന വഴികൾ ഇടുങ്ങിയതാണ്. ഇവിടെയും ഒച്ചയും ബഹളവും ഹോണിന്റെ ശബ്ദവും ഉണ്ടാകാൻ പാടില്ല. കാരണം ഇവിടത്തെ ആളുകൾക്ക് ആക്ഷേപം ഉണ്ടാകാനിടയുണ്ട്. ആളുകൾക്ക് ആക്ഷേപമുണ്ടെന്ന് പത്രത്തിൽ വാർത്ത വന്നതായി ഇന്നലെ ആരോ പറയുകയു

ണ്ടായി. അതുകൊണ്ട് ഈ അന്തരീക്ഷത്തെ പരിഗണിച്ചുകൊണ്ട് ഒരു തരത്തിലുള്ള ഒച്ചയും ബഹളവും ഉണ്ടാകാൻ പാടില്ല.

നിരോധിച്ചിട്ടുള്ള സ്ഥലങ്ങളിലും വീടിന്റെ മുൻവശത്തും വണ്ടികൾ പാർക്കു ചെയ്യരുത്. ട്രാഫിക് നിയമങ്ങൾ പൂർണ്ണമായും പാലിക്കുക. ജൽസാഗാഹിലെ പാർക്കിംഗ് ചുമതലയുള്ള സംഘാടകരോട് സഹകരിക്കുക. അവർ പറയുന്ന സ്ഥലത്ത് വണ്ടി നിറുത്തുക.

ഡ്രൈവിംഗ് ചെയ്യുന്ന സമയത്തും സർക്കാർ നിയമങ്ങൾ പാലിക്കേണ്ടതാണ്. കാരണം യൂറോപ്പിൽ ചില വഴികളിൽ സ്പീഡിന് പരിധിയുണ്ടാകുകയില്ല. ചില സ്ഥലത്ത് സ്പീഡ്പരിധിയ്ക്ക് വ്യത്യാസമുണ്ടാകും. ജർമനി തുടങ്ങിയ യൂറോപ്യൻ രാഷ്ട്രങ്ങളിൽ നിന്ന് വരുന്നവർ പ്രത്യേകിച്ച് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

വിസ തീരുന്നതിനുമുമ്പേ എല്ലാവരും തിരിച്ചു പോകേണ്ടതാണ്. ജൽസയ്ക്കു വിസ ലഭിച്ചിട്ടുള്ളവർ ഇക്കാര്യം കൃത്യമായും പാലിക്കേണ്ടതാണ്. ഇത് പാലിക്കുന്നില്ലെങ്കിൽ ജമാഅത്തും അതിൽ കുറ്റക്കാരാകും.

വൃത്തി പ്രത്യേകം ശ്രദ്ധിക്കണം. സ്ഥലം കുറവും തിരക്ക് കൂടുതലും അല്പ സ്ഥലത്ത് താൽക്കാലികമായുള്ള ഏർപ്പാടു ചെയ്യലും ഒക്കെയാകുമ്പോൾ ഒരുപാട് പ്രയാസങ്ങളുണ്ടാകും. അതുകൊണ്ട് ടോയ്‌ലറ്റ് തുടങ്ങിയവ വൃത്തിയായി സൂക്ഷിക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. അവിടെ ജോലിക്കാരാരുമില്ലെങ്കിൽതന്നെ സ്വയം അതു വൃത്തിയാക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാനില്ല. പരസ്പരം സഹായിക്കുന്നതുകൊണ്ട് ഒരു നഷ്ടവും ഉണ്ടാകുകയില്ല. പരസ്പരം സഹോദരങ്ങളാണല്ലോ. അപ്പോൾ അത്തരം പ്രവൃത്തികൾ തന്നത്താൻ ചെയ്യേണ്ടതുമാണ്. ജോലിക്കാർ വന്നിട്ടു ചെയ്തുകൊള്ളും, അവരെക്കുറിച്ച് ഞാൻ പരാതിപ്പെടും, സംഘാടകർ അവരോടു ചോദിക്കും, പിന്നീട് വൃത്തിയാക്കും എന്നതൊന്നും ശരിയല്ല. ചെറിയ ചെറിയ കാര്യങ്ങളാണെങ്കിൽ തന്നത്താൻ ചെയ്യേണ്ടതാണ്. കാരണം വൃത്തിയെക്കുറിച്ച് ഹദീസിൽ പറഞ്ഞിട്ടുള്ളത് പകുതി ഈമാനാണെന്നാണ്.

സ്ത്രീകളും ചുറ്റിക്കറങ്ങുന്നതിൽ പർദ്ദ പാലിക്കേണ്ടതാണ്. ചിലപ്പോൾ അനഹ്മദീ സ്ത്രീകളും വന്നിട്ടുണ്ടാകും. അവർ അത്തരം കാര്യങ്ങളൊന്നും പാലിക്കുന്നുണ്ടാകുകയില്ല. ജൽസയിൽ വന്നിട്ടുള്ള എല്ലാ സ്ത്രീകളും അഹ്മദികളാണെന്ന് ആളുകൾ ധരിക്കാറുണ്ട്. അങ്ങനെയല്ല, അനഹ്മദീ സ്ത്രീകളും ഇതിൽ പങ്കെടുക്കാറുണ്ട്. അതുകൊണ്ട് സംഘാടകർ, തിരക്കുള്ള സമയത്ത് രണ്ടുപേർക്കും പ്രത്യേകം പ്രത്യേകം വഴി തിരിച്ചു വിടേണ്ടതാണ്.

നമസ്കരിക്കാൻ പ്രായമായ കുട്ടികൾക്ക് തൊപ്പി ധരിക്കുന്ന ശീലമുണ്ടാകണം. നമ്മുടെ ജമാഅത്തിന്റെ ഒരു രീതിയാണിത്. ഇപ്രകാരം തന്നെ ഇവിടത്തെ വസ്ത്രമണിഞ്ഞ് ചുറ്റിക്കറങ്ങുന്നതിനു പകരം ചെറിയ പെൺകുട്ടികൾ ചെറിയ തട്ടം തലയിലിടേണ്ടതാണ്.

ചിലപ്പോൾ വണ്ടിയിൽ ലിഫ്റ്റ് കൊടുക്കുന്നവർ അതിഥികളോട് പൈസ ചോദിക്കാറുണ്ട്. ഇതും ഉണ്ടാകാൻ പാടില്ല. അതിഥികളെ ആദരിക്കേണ്ടതിനെക്കുറിച്ചും അവരെ സേവിക്കേണ്ടതിനെക്കുറിച്ചും ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. ഇതിന് പ്രാധാന്യം കൊടുക്കുക. സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി അവരോട് പെരുമാറുക. അവർ ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)ന്റെ അതിഥികളാണ്. അവരോട് സൗമ്യമായി സംസാരിക്കുക. ഈ നിർദ്ദേശങ്ങൾ ഞാൻ മുമ്പേ നല്കിയിട്ടുള്ളതാണ്.

വരുന്ന അതിഥികളും ഇത് ശ്രദ്ധിക്കേണ്ടതാണ്. അച്ചടക്കം പാലിക്കുകയും സംഘാടകരോട് സഹകരിക്കുകയും ചെയ്യുക. അവരെ എല്ലാ വിധത്തിലും അനുസരിക്കുക. ചില ഉമ്മമാർ തങ്ങളുടെ കുട്ടികളെക്കുറിച്ച് രോഷം കൊള്ളുന്നവരാണ്. ഡ്യൂട്ടിയിലുള്ള ആരെങ്കിലും ആരെയെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അടിക്കാനും തല്ലാനും തയ്യാറാകുന്നു. അവരും കേട്ടുകൊള്ളുക. അവർക്ക് സഹകരിക്കാൻ വയ്യെങ്കിൽ ഇത്രമാത്രം ആഭിമുഖ്യമാണെങ്കിൽ, അവർ ജൽസ നടക്കുമ്പോൾ പന്തലിൽ വരാതിരിക്കേണ്ടതാണ്.

ഭക്ഷണം പാഴായിപ്പോകുന്ന ചില സംഭവങ്ങളും കാണാറുണ്ട്. ഇപ്രാവശ്യം സംഘാടകർ ഇതിന്റെ ഏർപ്പാടുകൾ മാറ്റിയിട്ടുണ്ട്. ആദ്യമെ തന്നെ പാക്കിംഗ് ചെയ്താണ് ഭക്ഷണം കൊടുക്കുക. ഞാൻ കാണുകയുണ്ടായി. അതിന്റെ അളവ് പാഴാകാത്ത നിലയിലായിരിക്കും ഉണ്ടാകുക. ഒരു സാധാരണ മനുഷ്യൻ തിന്നാവുന്നത്ര ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചിലർ ചിലത് തിന്നുകയില്ല. ഉരുളക്കിഴങ്ങ് ഇഷ്ടമില്ലെങ്കിൽ തന്നെ നിർബന്ധിതനായി അതു തിന്നുക. പാഴാക്കിക്കളയരുത്. കാരണം ഇതു കൊണ്ടുക്കളയുക ഇവിടെ പ്രയാസമുള്ള കാര്യമാണ്.

ചിലപ്പോൾ ചെറിയ ചെറിയ കാര്യങ്ങൾ പരസ്പരം തമാശയ്ക്കായി ചെയ്യാറുണ്ട്. അതും ചിലപ്പോൾ വൻ കലഹത്തിൽ കലാശിയ്ക്കാനിടയുണ്ട്. അതുകൊണ്ട് അതും വർജിക്കുക.

സൗമ്യമായ സംസാരം വളരെ പ്രധാനപ്പെട്ടതാണ്. അതിഥിയും ആതിഥേയനും ഇക്കാര്യം ശ്രദ്ധിക്കുക. സൗമ്യമായ ഭാഷയിൽ സംസാരിക്കുക. ഒരു തരത്തിലുള്ള കടുപ്പവും ഇരുഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. സ്നേഹത്തോടെ ഈ ദിനങ്ങളിൽ എന്നല്ല എപ്പോഴും പെരുമാറുക. ഞാൻ മുമ്പേ പറഞ്ഞതുപോലെ ഈ ദിനങ്ങളിൽ ദുആകളിൽ മുഴുകുക. ജൽസയുടെ പ്രത്യേക അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കുക.

ഭക്ഷണം കഴിക്കുമ്പോൾ കഴിക്കുന്നിടത്തു തന്നെ ചില പ്ലേറ്റുകൾ ഉപേക്ഷിച്ചു പോകാറുണ്ട്. അതെടുത്തു ഇടേണ്ട സ്ഥലത്തു ഇടുക.

ജമാഅത്തി ജൽസയാണ്. ഇതിനെ മേളയായി കാണരുതെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ളത് ഞാൻ കേൾപ്പിച്ചു കഴിഞ്ഞതാണ്. കച്ചവടമോ ഫാഷൻ പ്രദർശനമോ അല്ല ഇവിടെ വരുന്നതിന്റെ ഉദ്ദേശ്യം. സ്ത്രീകൾ കൂടിച്ചേരുമ്പോൾ ഉടനെ സംസാരം തുടങ്ങും, പിന്നെ അത് അവസാനിക്കുകയില്ല. അവരും ഇക്കാര്യം സൂക്ഷിക്കേണ്ടതാണ്. സംഘാടകർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലോകത്തെവിടെയെല്ലാം ജൽസ നടക്കുന്നുണ്ടോ അവിടെയെല്ലാം ഇത്തരം കാര്യങ്ങൾ പാലിക്കേണ്ടതാണ്.

വെളിയിൽനിന്ന് വരുന്നവർ ഷോപ്പിംഗിന് വേണ്ടി കടം വാങ്ങാൻ ശ്രമിക്കുന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക എന്നതിനെ കളങ്കപ്പെടുത്തുന്നതാണ് ഈ പ്രവണത. ഇതിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. തൗഫീഖനുസരിച്ച് മാത്രം ചെലവഴിക്കുക. നിങ്ങളുടെ കൈയിലുള്ളതിനുമാത്രം ഷോപ്പിംഗ് നടത്തുക. പ്രിയപ്പെട്ടവരോടും ബന്ധുക്കളോടും കടം വാങ്ങാതിരിക്കുക. ഇതു തെറ്റായ പ്രവണതയാണ്. ജൽസ പരിപാടികൾ കേൾക്കാനാണ് നിങ്ങൾ വന്നിട്ടുള്ളത്. ജൽസ പരിപാടികൾ കേൾക്കണം. ഇവിടെ വിതരണം ചെയ്യുന്ന ആത്മീയ ഭക്ഷണംകൊണ്ട് നിങ്ങളുടെ സഞ്ചികൾ നിറയ്ക്കേണ്ടതാണ്.

അതിഥി സൽക്കാരം മൂന്നുദിവസത്തേക്കാണെന്നാണ് പറഞ്ഞിട്ടുള്ളത്. ചിലയാളുകൾ ദൂരെനിന്ന് പണം ചെലവഴിച്ചുകൊണ്ടാണ് വരുന്നത്. രണ്ടാമത് അവസരം കിട്ടുമോ ഇല്ലേ എന്ന ചിന്തയും അവർക്കുണ്ടാകും. അവർ കുറച്ച് ദിവസം അധികം ഇവിടെ നില്ക്കാനാഗ്രഹിക്കും. അടുത്ത ബന്ധുക്കളോടൊപ്പം അവർ നില്ക്കുകയാണെങ്കിൽ, സന്തോഷത്തോടെ താമസിപ്പിക്കുന്നതിൽ കുറ്റമൊന്നുമില്ല. ചിലയാളുകൾ വളരെ സാധുക്കളായിരിക്കും. അതുകൊണ്ട് അതിഥിയ്ക്ക് 'മൂന്നുദിവസം കഴിഞ്ഞു, ഇനി മടങ്ങിപ്പോകണം' എന്നുതോന്നുന്ന വിധമുള്ള പ്രവർത്തി നിങ്ങളിൽ നിന്നുണ്ടാകരുത്.

സുരക്ഷിതത്വത്തിന്റെ കാര്യത്തിലും ശ്രദ്ധ ആവശ്യമാണ്. ചുറ്റുപാടുകൾ വീക്ഷിച്ചുകൊണ്ടിരിക്കുക. ഇതു ഓരോരുത്തരുടെയും ബാധ്യതയാണ്. അപരിചിതരായ ആളുകളെ കണ്ടാൽ, സംശയമുണ്ടായാൽ ഉടനെ ബന്ധപ്പെട്ടവരെ അതറിയിക്കുക. വഴക്കുണ്ടാകുന്നവിധം നേരിട്ട് ഒരിക്കലും അത്തരം കാര്യങ്ങളിൽ ഇടപെടരുത്. അറിയിക്കാൻ കഴിയുന്നില്ലെങ്കിൽ, ആ ആളെ ശ്രദ്ധിച്ചുകൊണ്ട് ഒപ്പം നടക്കുക.

സെക്യൂരിറ്റി ദൃഷ്ടിയോടെ ഇങ്ങനെ ഓരോരുത്തരും നോക്കുകയാണെങ്കിൽ, ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ചില വാർത്തകളുടെ അടിസ്ഥാനത്തിൽ സംഘാടകർ ചിലപ്പോൾ ചെക്കിംഗ് കടുപ്പമാക്കാറുണ്ട്. അത്തരം ഘട്ടങ്ങളിൽ പൂർണ്ണമായും അവരോട് സഹകരിക്കേണ്ടതാണ്; പ്രത്യേകിച്ച് സ്ത്രീകൾ. സ്ത്രീകൾ പൊതുവെ പെട്ടെന്ന് അക്ഷമരാകാറുണ്ട്. അതുകൊണ്ട് നമ്മുടെ സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇതെല്ലാം നടക്കുന്നത്. അതുകൊണ്ട് സഹകരിക്കേണ്ടത് ഓരോരുത്തർക്കും നിർബന്ധമാണ്.

നിങ്ങൾക്കു നല്കിയിട്ടുള്ള കാർഡുകൾ എപ്പോഴും കൈയിൽ സൂക്ഷിക്കുക. കാർഡു കളഞ്ഞുപോയാൽ ബന്ധപ്പെട്ടവരെ അതറിയിക്കേണ്ടതാണ്; ആരുടെ കാർഡാണ് കളഞ്ഞുപോയതെന്ന് സംഘാടകർക്ക് അറിയാൻ കഴിയും. ആരെങ്കിലും അതു ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് മനസ്സിലാക്കാനും കഴിയും. നിങ്ങൾക്ക് കാർഡു ലഭിക്കുകയും ചെയ്യും. വിലപിടിച്ച സാധനങ്ങൾ സ്വയം സൂക്ഷിക്കേണ്ടതാണ്. കാരണം ഇവിടെ ഒരു പാടാളുകൾ എത്തിയിട്ടുള്ളതാണ്. തുറന്നസ്ഥലമാണ്. ടെന്റുകളാണ്. ജൽസഗാഹാണ്. പിന്നീട് പരാതി ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് അത്തരം കാര്യങ്ങളുടെ ഉത്തരവാദി നിങ്ങൾ തന്നെയാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്തിട്ടുള്ള ദുആയിൽ ഭാഗഭാക്കാകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ഏതൊരുദ്ദേശ്യത്തിനുവേണ്ടിയാണോ ഈ ജൽസയ്ക്ക് ആരംഭം കുറിച്ചിട്ടുള്ളത് ആ ഉദ്ദേശ്യം കരസ്ഥമാക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഈ ദിനങ്ങളിൽ ദുആ ചെയ്യാൻ നമുക്ക് തൗഫീഖ് ലഭിക്കുമാറാകട്ടെ. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനും സൗഭാഗ്യം ലഭിക്കുമാറാകട്ടെ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 30- 07 - 2004 at
Jalsagah, Islamabad
London

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**